ഫാസ്റ്റ് ഫാസഞ്ചർ സർവീസ്.

153. [6] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുന്നത്തൂർ താലൂക്കിൽ പറക്കോട്ട ചന്തയിലേക്കു പോകുന്ന യാത്രക്കാരെ ഉദ്ദേശിച്ച് അടൂർ നിന്നും പുനലൂർവരെ പാസ്റ്റ് പാസഞ്ചർ സർവീസ് ഏർപ്പെടുത്തുന്നതിനു ദയവുണ്ടാകുമോ?

ഉത്തരം.

ഇപ്പോൾ ഉദ്ദേശമില്ല.

ഏഴംകുളം പഞ്ചായത്തിലെ വികസനപ്രവർത്തനം.

154. [8] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴംകുളം പഞ്ചായത്തിൽ 1953-നുശേഷം 1963 ഡിസംബർ 31-ാംതീയതി വരെ ഏതെല്ലാം വികസനപ്രവർത്തനങ്ങളാണ് നടത്തി ;

(ബി) ഈ പഞ്ചായത്തിൽ ഏതെല്ലാം ഭാഗത്തേക്ക് ഇലക്ട്രിക് ലൈൻ നീട്ടുവാനുണ്ട് ;

(സി) ഏതെല്ലാം ഇറിഗേഷൻ വർക്കുകൾ നടക്കുവാനുണ്ട് ;

(ഡി) ഇതിലേക്കാവശ്യമുള്ള ഫണ്ട് ബ്ലോക്കിൽ നിന്നും ലഭിക്കുവാനുണ്ടോ ?

ഉത്തരം.

(എ) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് പ്രത്യേകം ചേർത്തിരിക്കുന്നു*.

(ബി) അറുകാലിക്കൽ പടിഞ്ഞാറ് ഏഴാംകുളംവടക്ക്, ഇളങ്ങമംഗല, എന്നീ വാർഡുകളിലേക്ക് ലൈൻ നീട്ടുവാനുണ്ട്.

(സി-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളൂ.

അടൂർ പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾ.

155. [9] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ പഞ്ചായത്തിൽ 1953-നുശേഷം 1963 ഡിസംബർ 31-ാം തീയതി വരെ ഏതെല്ലാം വികസനപ്രവർത്തനങ്ങളാണ് നടത്തി ;

(ബി) ടി പഞ്ചായത്തിൽ ഏതേതു ഭാഗത്തു് ഇലക്ട്രിസിറ്റി ലൈൻ നീട്ടുവാനുണ്ട് ;

(സി) ഏതെല്ലാം ഇറിഗേഷൻ വർക്കുകൾ ടി പഞ്ചായത്തിൽ നടക്കുവാനുണ്ട് ;

(ഡി) ഇതിലേക്കാവശ്യമുള്ള ഫണ്ട് പഞ്ചായത്തിൽ നിന്നും ബ്ലോക്കിൽ നിന്നും ലഭിക്കാനുണ്ടോ?

* Appendix III.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ, ബി, സി,) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് ഇതിനോടു ബന്ധിച്ചിരിക്കുന്നു. *

(ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളൂ.

പള്ളിക്കൽ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ.

156. [10] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിക്കൽ പഞ്ചായത്തിൽ 1953-നു ശേഷം 1963 ഡിസംബർ 31-ാംതീയതിവരെ ഏതെല്ലാം വികസന പ്രവർത്തനങ്ങൾ നടന്നു ;

(ബി) ഏതെല്ലാം മേഖലയിൽ ഇലക്ട്രിക്ക് ലൈൻ നീട്ടുവാനുണ്ട് ;

(സി) ഏതെല്ലാം ഇറിഗേഷൻ വർക്കുകൾ നടക്കുവാനുണ്ട് ?

ഉത്തരം.

(എ, ബി, സി) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് ഇതോടൊപ്പം ചേർത്തിരിക്കുന്നു. *

ശ്രീനാട് പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ.

157. [11] ശ്രീ. പി.സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാട് പഞ്ചായത്തിൽ 1953-നു-ശേഷം 1963 ഡിസംബർ 31—ാംതീയതി-വരെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ പഞ്ചായത്തു ബ്ലോക്ക് ഇവ മുഖേന നടത്തി;

(ബി) ഈ പഞ്ചായത്തിൽ ഏവിടെയൊക്കെ ഇലക്ട്രിക് ലൈൻ നീട്ടുവാനുണ്ട്;

(സി) എന്തെല്ലാം ഇറിഗേഷൻ വർക്കുകൾ നടക്കുവാനുണ്ട്?

ഉത്തരം

ശ്രീനാട് നോർത്ത്, ശ്രീനാട് സൌത്ത് എന്നു രണ്ടു പഞ്ചായത്തുകൾ നിലവിൽ ഉണ്ട്. ചോദ്യം ഏതു പഞ്ചായത്തിനെക്കുറിച്ചു എന്നുള്ളതു വ്യക്തമല്ലാ. എങ്കിലും മേൽപ്പറഞ്ഞ രണ്ടു പഞ്ചായത്തുകളേ സംബന്ധിച്ചുള്ള വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റു വെവ്വേറെ ഇതോടുകൂടി ചേർത്തിരിക്കുന്നു.

കുന്നത്തൂർ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ.

158 [12] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ പഞ്ചായത്തിൽ 1953—നുശേഷം 1963 ഡിസംബർ 30-ാംതീയതി-വരെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ പഞ്ചായത്തു മുഖേനയും, ബ്ലോക്കു മുഖേനയും നടന്നു;

(ബി) ടി പഞ്ചായത്തിൽ എത്ര വില്ലേജ് റോഡുകൾ തീർക്കാനുണ്ട്;

* Appendix IV

* Appendix V.

LIBRARY ARCHIVES Kerala Legislative Assembly